# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചുനക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-12/578/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചുനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-12/578/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 22-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി .പി .രാധാകൃഷ്ണൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുഷ.റ്റി.പിള്ള അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മനേഷ് കുമാർ.ജി. സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശാന്താ ഗോപാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ഗോപകുമാർ.എ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ഗംഗാലക്ഷ്മി | സെക്രട്ടറി | 10-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സരിത | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.തോമസ്സ് മാത്യൂ.ജെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.അമിത.സി.എ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ഡോ . റിഷാദ് എ | മെഡിക്കൽ ഓഫിസർ സിഎച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ . രാജി | ആയുർവേദ മെഡിക്കൽ ഓഫിസർ | 01-04-2020 | 31-03-2021 |
| ഡോ.മാമൻ വർഗ്ഗീസ് | മെഡിക്കൽ ഓഫിസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉമ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗിരിജ രാജശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2020 | 31-10-2020 |
| ശ്രീമതി നദിയ അഹമ്മദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-11-2020 | 31-03-2021 |
| ശ്രീ.നവാസ് | അസിസ്റ്റന്റ് സെക്രട്ടരി | 01-04-2020 | 31-03-2021 |
| ശ്രീമതി .റിഷി | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 02-05-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-9 |
| 11 | കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ ഡാറ്റാ ബേസിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Maneshkumar G (Senior Grade Auditor, On 04-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-10 |
| 12 | 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി- പൂർണ്ണമായി ഈടാക്കുന്നില്ല-<br>Written By: Maneshkumar G (Senior Grade Auditor, On 04-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-11 |
| 13 | ലേലം നടപടിക്രമങ്ങൾ ഉചിതമായ തരത്തിൽ ഉപയോഗിച്ചില്ല. - തനത് വരുമാനത്തിൽ നഷ്ടം ഉണ്ടാകുന്നു<br>Written By: Maneshkumar G (Senior Grade Auditor, On 04-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-12 |
| 14 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 01-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-13 |
| 15 | വാടക കുടിശ്ശിക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 04-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-14 |
| 16 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തുന്നില്ല. | 1-15 |

| | | |
|---|---|---|
| | Written By: Maneshkumar G (Senior Grade Auditor, On 04-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | |
| 17 | പെൻഷണറുടെ മരണ ശേഷവും അക്കൗണ്ടിലേക്ക് പെൻഷൻ കൈമാറി<br>Written By: Susha.T.Pillai (Asst. Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-16 |
| 18 | വർഷങ്ങളായി തിരികെ അടയ്ക്കാതെ അവശേഷിച്ച ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ അടച്ചു-ഓഡിറ്റ് ഇംപാക്ട്<br>Written By: Susha.T.Pillai (Asst. Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-06-2022) | 1-17 |
| 19 | ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 83035/- രൂപ തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Sindhya.P (Asst. Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-18 |
| 20 | വാഴ വിത്ത് വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകതകൾ<br>Written By: Sindhya.P (Asst. Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-19 |
| 21 | കാലിത്തീറ്റയുടെ വിലയിനത്തിൽ 3750/- രൂപ അധികത്തിൽ നൽകിയിരിക്കുന്നു<br>Written By: Sindhya.P (Asst. Audit Officer, On 01-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-20 |
| 22 | നിയമാനുസൃത പരിശോധന നടത്താത്ത ന്യൂട്രിമിക്സ് അങ്കണവാടികൾ മുഖേന വിതരണം നടത്തുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-21 |
| 23 | ഇ-ടോയ്‌ലറ്റ് നിഷ്ക്രിയമായ അവസ്ഥയിൽ<br>Written By: Susha.T.Pillai (Asst. Audit Officer, On 03-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-22 |
| 24 | കോളനികളിലെ കിണറുകളിൽ നിന്നും സങ്കേതങ്ങളിലേക്ക് കുടിവെള്ള വിതരണ സംവിധാനം- പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 02-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-23 |
| 25 | കല്ലുംപുറത്ത്- ഈരിക്കൽത്തറയിൽ റോഡ് റീടാറിംഗ്- അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 02-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-24 |
| 26 | ലൈഫ് ഭവന പദ്ധതി<br>Written By: Sindhya.P (Asst. Audit Officer, On 06-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-25 |
| 27 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 10-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-26 |
| 28 | തൊഴിലുറപ്പ് അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 10-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 03-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 28-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 02-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 30-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 02-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 30-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് തീയതിയിലെ 25-03-2020 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 183578321 | 179422000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 159018098 | 160218323 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 15.07.2021 | 18.06.2021 |

### 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ

2020-21 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബാലൻസ് ഷീറ്റ് ബി ഷെഡ്യൂൾ പ്രകാരം ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ) ക്യാപ്പിറ്റൽ ഇനത്തിൽ 90,000/- രൂപയും എസ്.സി.പി.ഇനത്തിൽ 1866500/-രൂപയും സി.എഫ്.സി ഗ്രാന്റിനത്തിൽ 400,000/-രൂപയും പഞ്ചായത്തിന് ലയബിലിറ്റിയായി കാണുന്നു.

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം 320700104 ഹെഡ്സ് ഓഫ് അക്കൌണ്ടിൽ ജോയിന്റ് വെൻചർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ക്യാപ്പിറ്റൽ) ഇനത്തിൽ 1691337/-രൂപയും 32070015 ഹെഡ്സ് ഓഫ് അക്കൌണ്ടിൽ ഡിസ്ട്രിക്റ്റ് പഞ്ചായത്ത് വിഹിതം (ക്യാപ്പിറ്റൽ) 2660828/-രൂപയും 320700405 ഹെഡ്സ് ഓഫ് അക്കൌണ്ടിൽ ഡിസ്ട്രിക്റ്റ് പഞ്ചായത്ത് വിഹിതം (റെവന്യൂ) ഇനത്തിൽ 300,000/-രൂപയും പഞ്ചായത്തിന് ബാധ്യതയായി കാണുന്നു. ഇവ ഏതൊക്കെ പ്രോജക്ടിനായി ഏതു വർഷം ലഭിച്ചതാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

3.ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂൾ പ്രകാരം 350200201 പ്രകാരം 148858/- രൂപ യും അദർ ലയബിലിറ്റി ഇനത്തിൽ 57501/-രൂപയും ലയബിലിറ്റിയായി കാണുന്നു. ഇവ ഏതു വർഷം ഏതു പർപ്പസിനായി ലഭിച്ചതാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

4. വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക ബി 5ഷെഡ്യൂളിലും ബി 16 ഷെഡ്യൂളിലും വ്യത്യസ്തമാണ്.

മേൽ അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16435532.80 |
| വരവ് | 743542490 |
| ആകെ | 90789781.80 |
| ചെലവ് | 74101281 |
| നീക്കിയിരിപ്പ് | 16688500 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 120183430 | 120183430 | 11918343 | 100000 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 79092740 | 79092740 | 6887595 | 1021679 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 10402000 | 10402000 | 9649272 | 752728 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 3793243 | 3793243 | 2711188 | 1082055 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 17585143 | 17585143 | 8236871 | 9348272 |
| പെർഫോമൻസ് ഗ്രാന്റ് | | | | 718898 | | |
| എം.എൻ.ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | | | 34921410 | 34921410 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | 585590 | 585590 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഐ.സി.ഡി.എസ്) | | 960646 | 1039858 | 2000504 | 1142274 | 858230 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | 4655619 | 200000 | 4855619 | 2029465 | 2826154 |
| | ജില്ലാ പഞ്ചായത്ത് | 3646288 | 230000 | 3876288 | 251975 | 3624313 |
| ബി ഫണ്ട് | | 0 | 60409880 | 60409880 | 60409880 | 0 |
| തനത് ഫണ്ട് | ADCB | 4576192 | 7510242 | 12086434 | 4618962 | 7467472 |
| | | | | | | |
| | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 5513242 | 1820335 | 7333577 | 6324189 | 1009388 |
| | ഇ-പേയ്മെന്റ് | 55390 | 809648 | 920428 | 238915 | 626123 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 115872560 | 135 | 57236141 | 3 | 44 | 74 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9276 | 732369 | 741645 | 532910 | 208735 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 34921410 | 34921410 | 34921410 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 59760 | 66 |
| കർഷകതൊഴിലാളി പെൻഷൻ | 6354600 | 402 |
| വിധവാ പെൻഷൻ | 13700800 | 962 |
| വാർദ്ധക്യകാല പെൻഷൻ | 35260900 | 2652 |
| വികലാംഗ പെൻഷൻ | 4371300 | 289 |
| അവിവാഹിത പെൻഷൻ | 615500 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2022 തീയതിയിൽ 03:20 P.M ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2984/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

താഴെപ്പറയുന്ന കാര്യങ്ങളിൽ ഒഴികെ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഭരണസമിതി കൈക്കൊള്ളുന്ന

തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മരാമത്ത് വർക്കുകളിൽ ഇ-ടെണ്ടർ സംവിധാനം കാര്യക്ഷമമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 1-10 കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ ഡാറ്റാ ബേസിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 1 (ചുനക്കര)-ൽ പ്രവർത്തിച്ചുവരുന്ന പെട്രോൾ പമ്പ് സഞ്ചയ ഡാറ്റാബേസിൽ വാണിജ്യാവശ്യത്തിനുള്ള 100 മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഈ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്ന തരംതിരിവിലാണ് യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. സെക്ഷൻ നൽകിയ വിവരമനുസരിച്ച് കെട്ടിടത്തിന്റെ ഉടമസ്ഥന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് വിവരങ്ങൾ | വാർഡ് കെട്ടിടനമ്പർ | കെട്ടിടത്തിന്റെ വിസ്തൃതി | നിരക്ക് (സഞ്ചയ പ്രകാരം) | ചുമത്തിയ അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|
| ദിൽഷാദ് ഷാ നിവാസ്, ചുനക്കര വടക്ക് | 1/572 | 9 ച.മീ | 50 | 450 |

സഞ്ചയയിൽ വാണിജ്യ അടിസ്ഥാനത്തിലുള്ള 100 ച.മീ താഴെയുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കമ്മറ്റിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച 50 രൂപ നിരക്കിലാണ് പ്രസ്തുത കെട്ടിട നികുതി നിജപ്പെടുത്തിയത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്ന തരംതിരിവിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച പ്രകാരമുള്ള ച.മീ. ന് 60/- രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടതായിരുന്നു. വസ്തുനികുതി ഇനത്തിൽ ച.മീറ്ററിന് 10/- രൂപ കുറവ് നിരക്കിലാണ് തരംതിരിവിലെ വ്യത്യാസം കാരണം 2013 ആദ്യ അർദ്ധവർഷം മുതൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ ശരിയായ തരത്തിൽ ക്രമപ്പെടുത്താതെ വസ്തുനികുതി തെറ്റായി നിശ്ചയിച്ച ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയ്ക്ക് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ – 6/24.04.2022 ൽ നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമത്തെ ശരിയായ രീതിയിൽ ക്രമീകരിച്ച് നികുതി നഷ്ടം പരിഹരിച്ച് ആയതിന്റെ വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി- പൂർണ്ണമായി ഈടാക്കുന്നില്ല-

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരവിനമാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205 (ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കുകയും അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ചുമത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകണം. സ്ഥാപനങ്ങളുടെ എണ്ണം പരിശോധിച്ച് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നില്ല. 2021-22 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | സി.എച്ച്.സി. (NHRM) ചുനക്കര | 2020-21 ഒന്നും രണ്ടും അർദ്ധവാർഷികങ്ങൾ |
| 2 | റോബിൻ ഫൈനാൻസിയേഴ്സ്, ചുനക്കര | 2020-21 ഒന്നും രണ്ടും അർദ്ധവാർഷികങ്ങൾ |

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച ലിസ്റ്റ് സമർപ്പിക്കാൻ രേഖാമൂലം പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്ന് ഉറപ്പു വരുത്താൻ കഴിയും.

(2) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ്

തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | കാലയളവ് |
|---|---|---|---|
| 1 | കരിമുളയ്ക്കൽ ക്ഷീര വ്യവസായ സഹകരണ സംഘം | സ്ഥാപന തൊഴിൽ നികുതി | 2020-21 I<sup>st</sup> & II<sup>nd</sup> അർദ്ധവർഷം |

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച ലിസ്റ്റ് സമർപ്പിക്കാൻ രേഖാമൂലം പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്ന് ഉറപ്പു വരുത്താൻ കഴിയും.

നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## 1-12 ലേലം നടപടിക്രമങ്ങൾ ഉചിതമായ തരത്തിൽ ഉപയോഗിച്ചില്ല. - തനത് വരുമാനത്തിൽ നഷ്ടം ഉണ്ടാകുന്നു

ഗ്രാമപഞ്ചായത്തിൽ ഇറച്ചിവ്യാപാരം നടത്തുന്നതിന് 25.02.2020 ൽ ലേലം നടത്തുകയുണ്ടായി. പ്രസ്തുത ലേലത്തിൽ 10 ആളുകൾ പങ്കെടുത്തു. നിരത ദ്രവ്യമായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച 2000/-രൂപ ഒടുക്കിയാണ് വ്യക്തികൾ പങ്കെടുത്തത്. ലേലത്തിൽ ശ്രീ. നിഷാദ്, കണ്ടിശ്ശേരി പടീറ്റേതിൽ, ദേശത്തിനകം എന്ന വ്യക്തി 1,50,000 വിളിച്ചത് സ്ഥിരപ്പെടുത്തി. എന്നാൽ ടിയാൾ ലേലത്തുക അടയ്ക്കാഞ്ഞതിനെത്തുടർന്ന് ടിയാളെ ഒഴിവാക്കുകയും അടവാക്കിയിരുന്ന

നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്തു. തുടർന്ന് 05.03.2020 ലെ 3(II) പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം പുനർലേലം നടത്താൻ തീരുമാനിക്കുകയും ചെയ്തു.

16.03.2020 ൽ ഇറച്ചിവ്യാപാരം നടത്തുന്നതിന് പുനർലേലം നടത്തുകയും ശ്രീ.സജീദ്, ദേശത്തിനകം, രണ്ടാംകുറ്റി എന്നയാൾ 95000/- രൂപയ്ക്ക് ലേലം കൈക്കൊള്ളുകയുണ്ടായി. 16.03.2020 ലെ 119090105005 രസീത് പ്രകാരം ടിയാൻ തുക ഒടുക്കുകയും ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു.

25.02.2020 ലെ ലേലത്തിൽ ശ്രീ.സത്താർ, കുന്നേൽ പടീറ്റേതിൽ, പെരിങ്ങാല, കായംകുളം എന്ന വ്യക്തി 1,49,500/- രൂപ വരെ ഇറച്ചിലേലത്തിൽ വിളിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത വ്യക്തി ലേലത്തിൽ നിന്ന് ഒഴിവായ സ്ഥിതിക്ക് രണ്ടാമത്തെ ഉയർന്ന തുക വാഗ്ദാനം ചെയ്ത ടിയാളുമായി നെഗോഷിയേഷനിൽ ഏർപ്പെട്ട് ലേലം ഉറപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ 54,500/- രൂപയുടെ അധിക വരുമാനം ലേല ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുമായിരുന്നു. ഇത്തരത്തിൽ നടപടി ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിക്കാത്തതിന് വിശദീകരണം ആരാഞ്ഞ് 28.04.2022 തീയതിയിൽ 20-ാം നമ്പരായി ഓഡിറ്റ് എൻക്വയറി കൊടുത്തിരുന്നു. ടിയാളെ ഫോൺ മുഖേന ബന്ധപ്പെട്ടിരുന്നുവെന്നും ടിയാൾ പ്രസ്തുത വാഗ്ദാനം നിരസിച്ചുവെന്നുമാണ് അധികൃതർ അറിയിച്ചിരുന്നത്. ഇത്തരം സാഹചര്യങ്ങളിൽ രേഖാമൂലം നടപടികൾ സ്വീകരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-13 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, നായ്ക്കൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 04 പ്രകാരം നായ്ക്കളെ കൈവശത്തിലൊ, നിയന്ത്രണത്തിലൊ ഉള്ള ഏതൊരാളും അവയെ വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. മേൽ പറഞ്ഞ ചട്ടത്തിലെ ചട്ടം 05 പ്രകാരം ലൈസൻസില്ലാതെയൊ, ലൈസൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായൊ നായ്ക്കളെ വളർത്തുന്ന ഏതൊരാൾക്കും 250/- രൂപ വരെ പിഴ ശിക്ഷ നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിരവധി നായ്ക്കളെ ലൈസൻസില്ലാതെ വളർത്തുന്നതായി കാണുന്നു. പഞ്ചായത്തിന്റെ ഡോഗ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 73 പട്ടികൾക്ക് ലൈസൻസ് നൽകിയതായി കാണുന്നു. 2020-21 വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പേവിഷ നിർമ്മാർജ്ജന പദ്ധതി (പ്രോജക്ട് നം.55/21) പ്രകാരം മാത്രം 228 പട്ടികൾക്ക് വാക്സിൻ നൽകിയിട്ടുണ്ട്. വെറ്ററിനറി ഡിസ്പെൻസറിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും തൻവർഷം പ്രോജക്ട് വച്ച് അല്ലാതെയും ധാരാളം വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകിയതായി കാണുന്നു. വളർത്തുനായ്ക്കൾക്ക് ചട്ട പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നില്ല

വാടകക്കുടിശ്ശികയിനത്തിൽ 2020-21 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് ഈടാക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, വിലാസം | പ്രതിമാസ വാടക | എസ്.ജി.എസ്.റ്റി | സി.ജി.എസ്.റ്റി | ഫ്ലഡ് സെസ്സ് | ആകെ |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് മുസ്തഫ ഒറ്റതെങ്ങുംവിളയിൽ ചുനക്കര | 1028 | 93 | 93 | 10 | 14,886 (ഒരു വർഷത്തെ) |
| 2 | മധു.പി മറ്റത്ത് വടക്കേതിൽ ചുനക്കര | 1178 | 106 | 106 | 12 | 1402 (ഒരു മാസത്തെ) |

വാടകയുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ V-ാം നമ്പർ മുറി ശ്രീ.മുഹമ്മദ് മുസ്തഫ, ഒറ്റത്തെങ്ങുവിളയിൽ, ചുനക്കര എന്ന വ്യക്തിയാണ് വാടകയ്ക്ക് എടുത്തത്. ടിയാൾ 2017-18 സാമ്പത്തികവർഷം മുതൽ 2020-21 സാമ്പത്തികവർഷം വരെയുള്ള കാലം, ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ V-ാം നമ്പർ വാടകയ്ക്കെടുത്ത് ഉപയോഗിച്ചിരുന്നു. 4 സാമ്പത്തികവർഷം തുടർച്ചയായി കടമുറി കൈവശം വച്ച് ഉപയോഗിച്ചിട്ടും വാടക ഇനത്തിൽ ചുമത്തിയ തുകയിൽ ഒന്നും തന്നെ ടിയാൾ അടച്ചിട്ടില്ല. എന്തുകൊണ്ടാണെന്ന് ടിയാളിൽ നിന്ന് വാടക ഈടാക്കാൻ അധികൃതർ നടപടി സ്വീകരിക്കാഞ്ഞത് എന്നത് വിശദമാക്കേണ്ടതാണ്. വാടക കുടിശ്ശിക നിലനിൽക്കുമ്പോൾ അത് തീർപ്പാക്കാതെ തുടർന്നുള്ള വർഷങ്ങളിൽ കടമുറി വാടകയ്ക്ക് നല്കിയ നടപടി അധികൃതരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയായി ഓഡിറ്റ്

വിലയിരുത്തുന്നു. വാടക ഇനത്തിൽ ലഭിക്കാനുള്ള തുകകൾ ഈടാക്കുന്നതിന് നേരിട്ടോ കത്തിടപാടുകളിലൂടെയോ, നിയമനടപടികളിലൂടെയോ യാതൊരു നീക്കവും ഗ്രാമപഞ്ചായത്ത് സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. വാടക ഇനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിന് നിയമനടപടികൾ ഉൾപ്പെടെയുള്ള ക്രമങ്ങൾ സ്വീകരിക്കാ മായിരുന്നിട്ടും പഞ്ചായത്ത് അധികൃതർ നാളിതുവരെ തയ്യാറാവാതിരുന്നത് അംഗീകരിക്കാനാവില്ല. ഇതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/28.04.2022) അധികൃതർ നൽകിയ മറുപടിയിൽ ടിയാൾക്ക് എതിരെ ഓൺലൈൻ ആർ.ആർ. നടപടികൾ 09.03.2022 ആരംഭിച്ചുകഴിഞ്ഞുവെന്ന് അറിയിച്ചിട്ടുണ്ട്. നടപടികളിലൂടെ ലഭിക്കാനുള്ള വാടകത്തുക പൂർണ്ണമായും പലിശ ഉൾപ്പടെ ഈടാക്കി ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2019-20, 2020-21 സാമ്പത്തികവർഷവും വാടക രജിസ്റ്ററിൽ V-ാം നമ്പർ കടമുറി ശ്രീ. മുഹമ്മദ് മുസ്തഫ, ഒറ്റത്തെങ്ങുവിളയിൽ, ചുനക്കര എന്ന വ്യക്തിയാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാടക ഇനങ്ങളുടെ ഡി.സി.ബി. സംക്ഷിപ്തത്തിൽ പ്രസ്തുത കടമുറി വേക്കന്റ് എന്നാണ് എഴുതിയിരിക്കുന്നത്. പ്രസ്തുത കടമുറി വേക്കന്റ് എന്ന് രേഖപ്പെടുത്തി ഡി.സി.ബി. തയ്യാറാക്കിയത് സെക്ഷൻ ടിയാളെ സംരക്ഷിക്കാൻ ഉതകുന്നതിനായിട്ടാണെന്ന് ഓഡിറ്റ് കരുതുന്നു. ലഭ്യമാക്കിയ മറുപടിയിൽ തെറ്റായി രേഖപ്പെടുത്തിയാണെന്നും വിശദമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ സെക്ഷനും പരിശോധനചുമതലയുള്ള ഉദ്യോഗസ്ഥനും വളരെയധികം ശ്രദ്ധിക്കേണ്ടതാണ്.

2) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് എത്രയെന്ന് സൂചിപ്പിക്കുന്ന വാടകകരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ല. വാടക കുടിശ്ശികയിലേക്ക് ഡെപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ചും യാതൊരു വിവരവും ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് മുൻവർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടും പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/28.04.2022) രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ ഹാജരാക്കാം എന്ന മറുപടി ലഭ്യമാക്കിയിരുന്നു. അടിയന്തിരമായി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ 17 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ഒരു വാടകക്കാരുമായി മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല. ഗ്രാമപഞ്ചായത്തും വാടകക്കാരുമായി വാടക സംബന്ധിച്ച് കരാർ ചമയ്ക്കാത്ത കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ട വിരുദ്ധമാണ്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ ചമയ്ക്കാത്തതുമൂലം സംസ്ഥാന സർക്കാർ ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും, ഉചിതമായ തുടർ നടപടി സ്വീകരിക്കുവാനും ഓഡിറ്റ് റിപ്പോർട്ടിലൂടെ മുൻവർഷങ്ങളിലും ശുപാർശ ചെയ്തിട്ടും നാളിതുവരെ നടപടി സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവമാണ്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് പരിഹാര നടപടിക്കനുസൃതമായ തരത്തിൽ മറുപടി ലഭ്യമാക്കാൻ അധികൃതർ തയ്യാറായില്ല.

## 1-15 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തുന്നില്ല.

4 ഫ്യൂവൽ സ്റ്റേഷനാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതി ചതുരശ്രമീറ്ററിന് 60/- രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 4 ഫ്യൂവൽ സ്റ്റേഷനാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷന്റ വസ്തുനികുതി നിർണ്ണയിച്ചത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | കെട്ടിട നം., വാർഡിന്റെ പേര് | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | സുമോദ് ജേക്കബ് പറമ്പിൽ വില്ല | 124 ചാരുംമൂട് (വാർഡ് -7) | 52ച.മീ | 174 |
| 2 | ദിൽഷാദ് ഷാ നിവാസ്, ചുനക്കര വടക്ക് | 1/572 (ചുനക്കര വടക്ക്) | 9 ച.മീ | 450 |

ക്രമനമ്പർ 1സംസ്ഥാനപാതയ്ക്ക് സമീപവും ക്രമനമ്പർ 2 ദേശീയപതയ്ക്ക് സമീപവും സ്ഥിതിചെയ്യുന്നതും വലിയതോതിൽ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് എന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/24.04.2022) മറുപടി ലഭ്യമാക്കിയില്ല.

യഥാർത്ഥ ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് വിശദാംശം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-16 പെൻഷണറുടെ മരണ ശേഷവും അക്കൗണ്ടിലക്ക് പെൻഷൻ കൈമാറി

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

ചുനക്കര ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും ചുവടെ പേര് ചേർക്കുന്ന പെൻഷണറുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടു.

| പെൻഷൻ തരം | ഗുണഭോക്താവിന്റെ പേര് | മരണപ്പെട്ട തീയതി | പെൻഷൻ സസ്പെന്റ് ചെയ്യാൻ അപേക്ഷ സമർപ്പിച്ച തീയതി | അനർഹ മായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | കുഞ്ഞാപ്പി,കണ്ണമ്പള്ളിൽ തെക്കതിൽ, കരിമുളയ്ക്കൽ | 04.01.2021 | 07.01.2022 | 04.01.2021-30.12.2021 | 7200 |

| | | | | | |
|---|---|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | ചിന്നമ്മ,കണ്ണമ്പള്ളിൽ തെക്കതിൽ, കരിമുളയ്ക്കൽ | 06.10.2021 | 07.01.2022 | 06.01.2021-30.12.2021 | 2400 |
| വാർദ്ധക്യ കാല പെൻഷൻ | രാജൻ.വി.എസ്., ആല്യംമൂട്ടിൽ വീട്, കോമല്ലൂർ | 18.01.2021 | 14.02.2021 | 19.01.2021-16.02.2022 | 20500 |

ഈ മൂന്ന പേരുടെയും മരണം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടവ ആയിട്ടും പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാതെ മരണപ്പെട്ടവരുടെ ബന്ധുക്കൾ അപേക്ഷ സമർപ്പിച്ചതിന ശേഷം മാത്രമാണ് നടപടികൾ സ്വീകരിച്ചത്.

ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനായി മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കുന്ന നടപടികൾ സംബന്ധിച്ച് ധനവകുപ്പ് സ.ഉ (എം.എസ്) നം.-97/2020 തീയതി 23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളൊന്നും പഞ്ചായത്തിൽ പാലിയ്ക്കപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരം ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യപെൻഷനുകളും പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ നഷ്ടം എത്രയാണെന്ന് നിജപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളു.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.നം.27/20-21/30.04.22ന് പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തു എന്നും ബാങ്കിൽ നിന്നും തുക തിരികെ ഈടാക്കി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

പെൻഷണർ മരണപ്പെട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പെൻഷൻ സസ്പെന്റ് ചെയ്യാത്തത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-17 വർഷങ്ങളായി തിരികെ അടയ്ക്കാതെ അവശേഷിച്ച ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ അടച്ചു-ഓഡിറ്റ് ഇംപാക്ട്

അഗതി ആശ്രയ പദ്ധതിയുടെ ഭാഗമായുള്ള ഭവന നിർമ്മാണത്തിനായി (എസ്.സി) ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും 2016-17 ൽ ലഭിച്ച 1750000/- രൂപയിൽ 150000/- രൂപ ചെലവഴിച്ചു. എന്നാൽ അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ദേവകി, കല്ലുകുഴിയിൽ എന്ന ഗുണഭോക്താവിന്റെ മരണത്തെതുടർന്ന് 250000/-ചെലഴിക്കാതെ അവശേഷിച്ചു. ഇത് സംബന്ധിച്ച പരാമർശം 2019-20 ലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിൽ വന്നിരുന്നു.

കുടുംബശ്രീ ജില്ലാ മിഷൻ ഡയറക്ടറുടെ 08.09.2020 ലെ 3458/ഡ.പി/18/കെ.എസ്.എ.പി.എ നമ്പർ കത്തിൽ തുക തിരികെ പ്ലാൻ ഫണ്ടിൽ അടയ്ക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2020-21 ഓഡിറ്റ് കാലയളവു വരേയും ഈ തുക തിരികെ അടച്ചിരുന്നില്ല.

തുക തിരികെ അടയ്ക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.01/20-21/ 23.04.22) നല്കിയതിനെ തുടർന്ന് 30.04.2022 ൽ ചെലാൻ നമ്പർ KL002924533202223 M പ്രകാരം നൂറനാട് സബ്ട്രഷറിയിൽ 250000/-രൂപ അടച്ച് ചെലാൻ ഹാജരാക്കി.

## 1-18 ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 83035/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നം. - 60/21

പ്രോജക്ടിന്റെ പേര് - കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

ഈ പ്രോജക്ടിനായി ട്രഷറി ബിൽ നം. 04/20-21/22-09-20 പ്രാകാരം 83035/- രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. പ്രിന്റർ വാങ്ങുന്നതിനായി 19795/- രൂപ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനും 63240/-രൂപ കമ്പ്യൂട്ടർ, യു.പി.എസ്.(കമ്പ്യൂട്ടർ - 40469/-രൂപ, യു.പി.എസ് - 22771/- രൂപ) എന്നിവ വാങ്ങുന്നതിനായി സ്റ്റേറ്റ് ഐ.ടി മിഷനും നൽകിയിട്ടുണ്ട്.

അഡ്വാൻസായി പണമടച്ചെങ്കിലും എല്ലാ സാധനങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. പ്രിന്റർ, കമ്പ്യൂട്ടർ എന്നിവ ലഭിച്ചതായി

സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഇവ ലഭിച്ചതിന്റെ ടാക്സ് ഇൻവോയിസ് ഫയലിൽ ഇല്ല. മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ വിശദീകരണത്തിൽ 12-12-2020 യിൽ കെൽട്രോണിൽ നിന്നും DEL VOSTRO WINDOWS 10 Pro Computer Desktop ഒരെണ്ണവും 02-07-2020 ൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും CANON MF 2 U I D പ്രിന്റർ ഒരെണ്ണവും ലഭിച്ചതായി മറുപടി നൽകിയിട്ടുണ്ട്. സാധനങ്ങൾ ലഭിച്ചത് സംബന്ധിച്ച ടാക്സ് ഇൻവോയിസിന്റെ പകർപ്പ് മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാനും, യു.പി.എസ് ലഭിക്കാത്ത പക്ഷം യു.പി.എസിനായി ചെലവഴിച്ച തുക 22771/- രൂപ സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും തിരികെ ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 83035/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 വാഴ വിത്ത് വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകതകൾ

പ്രോജക്റ്റ് നം .-62/21

പ്രോജക്ടിന്റെ പേര് - വാഴക്കൃഷി

നിർവഹണം - കൃഷി ഓഫീസർ

ഈ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം. 09/20-21/14-01-21 പ്രകാരം 187500/- രൂപ പിൻവലിച്ച് വാഴ വിത്ത് വാങ്ങി വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിന്റെ ഇൻവോയിസ് നം. V-388A/20-21/05-01-21 പ്രകാരം 12500 എണ്ണം വാഴത്തൈ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 25 എണ്ണം എന്ന നിരക്കിൽ 500 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ ഒഴിവാക്കി നേരിട്ട് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും വാങ്ങൽ നടത്തിയിരിക്കുകയാണ്. സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം (സർക്കാർ ഉത്തരവ്. കൈ. നം. 22/2018/തസ്വഭവ, തീയതി. 14-02-2018) കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK എന്നിവയിൽ നിന്ന് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . വാങ്ങൽ നടപടികൾ പർച്ചേസ് കമ്മിറ്റി, പ്രൊക്യൂവർമെന്റ് കമ്മിറ്റി എന്നിവ അംഗീകരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/27-04-2022 ന് നൽകിയ വിശദീകരണത്തിൽ സർക്കാർ സ്ഥാപനമായതിനാലാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്നും ടെണ്ടർ നടപടി ക്രമങ്ങൾ ഇല്ലാതെ നേരിട്ട് വാങ്ങൽ നടത്തിയതുമൂലമാണ് പർച്ചേസ് കമ്മിറ്റി, പ്രൊക്യൂവർമെന്റ് കമ്മിറ്റി എന്നിവയുടെ അംഗീകാരം വാങ്ങാതിരുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക യന്ത്രോപകരണങ്ങൾ ടെണ്ടർ നടപടി കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങാവുന്നതാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ സർക്കാർ അംഗീകൃത നിരക്കിൽ അധികരിക്കാതെ ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങാവുന്നതാണ്. എന്നാൽ ഈ കാര്യങ്ങൾ ഉറപ്പാക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയായ ജി.ഒ.(പി.) നം.259/2010/lsgd/08-11-2010 പ്രകാരം എല്ലാ വാങ്ങലുകളും പർച്ചേസ് കമ്മിറ്റി, പ്രൊക്യൂവർമെന്റ് കമ്മിറ്റി എന്നിവയുടെ അംഗീകാരത്തോടെ വേണം നടപ്പിലാക്കാൻ. ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കി പദ്ധതി നിർവഹണം സുതാര്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കാലിത്തീറ്റയുടെ വിലയിനത്തിൽ 3750/- രൂപ അധികത്തിൽ നൽകിയിരിക്കുന്നു

പ്രോജക്റ്റ് നം. - 54/21

പ്രോജക്ടിന്റെ പേര് - കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി

നിർവഹണം -വെറ്ററിനറി സർജൻ

ചെലവ് തുക - 445500/- (വികസന ഫണ്ട് ജനറൽ)

445500/- (ഗുണഭോക്തൃ വിഹിതം)

ടി പ്രോജക്റ്റ് പ്രകാരം ജനവരി മാസത്തിൽ വാങ്ങിയിട്ടുള്ള കാലിത്തീറ്റക്ക് 3750/- രൂപ അധികത്തിൽ കാലിത്തീറ്റ സപ്ലൈ ചെയ്ത കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | വാങ്ങിയ കാലിത്തീറ്റ | കാലിത്തീറ്റയുടെ വില | നൽകിയ തുക | അധികത്തിൽ നൽകിയ തുക |
|---|---|---|---|---|
| KFLPI-20-21-029262/24-10-2020 | 150 ബാഗ് | 182250/- | സബ്സിഡി തുക<br>182250/-(ട്രഷറി ബിൽ നം. - | 3750/- രൂപ |

| | | | | |
|---|---|---|---|---|
| | | | 02/20-21/12-01-21) ഗുണഭോക്തൃവിഹിതം | |
| KFLPI-20-21-035986/14-12-2020 | 150 ബാഗ് | 178500/- | 182250/-( ചെക്ക് നം. 565672/22-01-21) | |
| ആകെ | 300 ബാഗ് | 360750/- | 364500/- | |

ടി അപാകതക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ വിശദീകരണത്തിൽ ടി തുക കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്ന താണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികത്തിൽ നൽകിയ 3750/- രൂപ കാലിത്തീറ്റ വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഇതിൽ വികസനഫണ്ടിനത്തിലുള്ള 1875/- രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടക്കേണ്ടതുമാണ്.

## 1-21 നിയമാനുസൃത പരിശോധന നടത്താത്ത ന്യൂട്രിമിക്സ് അങ്കണവാടികൾ മുഖേന വിതരണം നടത്തുന്നു

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന കുട്ടികൾക്ക് ന്യൂട്രിമിക്സ് നല്കുവാൻ ഐ.സി.ഡി.എസ് സൂപ്പർ വൈസർ മുഖേന ആവിഷ്കരിച്ച പദ്ധതികളാണ് പ്രോജക്ട് നം.14/21 അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ), പ്രോജക്ട് നം.15/21 അനുപൂരക പോഷകാഹാര പദ്ധതി(എസ്.സി.പി) എന്നിവ.

അങ്കണ വാടികൾ മുഖേന വിതരണം നടത്തുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു.

പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്നും 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ചുനക്കര ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിൽ ലഭ്യമാക്കുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ 2020-21 വർഷം ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും പരിശോധിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം അറിയിക്കുവാനും നല്കിയ ഓഡിറ്റ് അന്വേഷണം നം.16/20-21/27.4.22 ന് 2020-21 വർഷം കോവിഡ് മഹാമാരി കാരണം ലാബുകളിൽ പരിശോധനയ്ക്ക് സൗകര്യം ലഭിച്ചില്ല എന്ന് മറുപടി നല്കി.

ആവശ്യമായ പരിശോധനകൾ നടത്താതെ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ വരുത്തിയേക്കാം എന്നതിനാൽ വിതരണ സ്ഥാപനം ലാബ് റിപ്പോർട്ട് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം ന്യൂട്രിമിക്സ് ഇറക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ഇ-ടോയ്‌ലറ്റ് നിഷ്ക്രിയമായ അവസ്ഥയിൽ

| | |
|---|---|
| പ്രോജക്ട് നം./പേര് | 4/21- ഇ-ടോയ്‌ലറ്റ് എ.എം.സി |
| അടങ്കൽ | 70000 |
| ചെലവ് | 68544 |
| ചെക്ക് നം | 31465/31.03.2021 |
| നിർവ്വഹണം | സെക്രട്ടറി |

ചുനക്കര ഗ്രാമ പഞ്ചായത്തിൽ ചാരുംമൂട് ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റിന്റെ പരിപാലനം നടത്തി വന്നിരുന്ന ഇറാം സൊല്യൂഷൻസ് എന്ന സ്ഥാപനം 13.02.2020 ലെ 348/A/CSD/ESS/2020 നമ്പർ കത്ത് പ്രകാരം 68544/- രൂപ അടച്ച് വാർഷിക പരിപാലന കരാർ പുതുക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2020 ലെ 2(4) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഇറാം സൊല്യൂഷൻസുമായി കരാറിൽ ഏർപ്പെടുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും പ്രോജക്ട് രൂപീകരിച്ച് ഒരു വർഷത്തേക്ക് ഇ-ടോയ് ലറ്റിന്റെ പരിപാലനം നടത്തുകയും ചെയ്തു.

ഇതിന്റെ നിലവിലെ അവസ്ഥയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.9/

20-21/26.04.22 ന് മറുപടി ലഭ്യമാക്കിയില്ല. 2020-21 ന് ശേഷം പ്രോജക്ട് വച്ച് കരാർ പുതുക്കിയില്ല എന്നും നിലവിൽ ഇ-ടോയ്‌ലറ്റ് പ്രവർത്തനക്ഷമമല്ല എന്നും വാക്കാൽ അറിയിച്ചു.

ചാരുംമൂട് ജംഗ്ഷനിൽ ബസ് സ്റ്റോപ്പിൽ തന്നെ സ്ഥാപിച്ചിട്ടുള്ളതിനാലും സാധാരണ ജനങ്ങൾക്ക് പരിചിതമല്ലാത്ത സാങ്കേതികതയും കാരണം ഇ-ടോയ്‌ലറ്റ് ഉപയോഗിക്കുവാൻ പലരും വിമുഖത കാട്ടുന്നു. പ്രയോജനരഹിതമായി കിടക്കുന്ന ഇ-ടോയ്‌ലറ്റിന് എല്ലാ വർഷവും കരാർ വച്ച് എ.എം.സി നടത്തുന്നത് തനതു ഫണ്ടിന് അധിക ബാദ്ധ്യത വരുത്തുന്ന പക്ഷം ഇതിന്മേൽ ഉചിതമായ തീരുമാനം ഭരണ സമിതി കൈക്കൊള്ളേണ്ടതാണ്.

## 1-23 കോളനികളിലെ കിണറുകളിൽ നിന്നും സങ്കേതങ്ങളിലേക്ക് കുടിവെള്ള വിതരണ സംവിധാനം- പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.134/19

അങ്കൽ 2,00,000

ബി.ആർ നം.2007085201410142603 4 തുക 43942/- തീയതി 29-03-2021

കോളനികളിലെ കിണറുകളിൽ നിന്നും സങ്കേതങ്ങളിലേക്ക് കുടിവെള്ള വിതരണ സംവിധാനം എന്ന പദ്ധതിയുടെ ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. 2000 ലിറ്ററിന്റെ ടാങ്കാണ് എസ്റ്റിമേറ്റ് പ്രകാരം വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 1000 ലിറ്ററിന്റെ ടാങ്കാണ് എം. ബുക്ക് പ്രകാരം വാങ്ങിയിട്ടുള്ളത്.

2. സ്റ്റീൽ ഉപയോഗിച്ച് OHT ന്റെ നിർമ്മാണം (എസ്റ്റിമേറ്റ് പ്രകാരമുള്ളത്) നടന്നിട്ടില്ല.

3. ഇലക്ട്രിക്ക് കണക്ഷൻ നൽകിയതായും കാണുന്നില്ല.

4.നിലവിലെ എസ്റ്റിമേറ്റനുസരിച്ച് പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കാൻ കഴിയുന്നില്ലെന്നും എസ്റ്റിമേറ്റിൽ ഉചിതമായ മാറ്റങ്ങൾ വരുത്തി റിവൈസ് ചെയ്യുന്നതിനും പിഴ കൂടാതെ കാലാവധി ഡിസംബർ 30 വരെ നീട്ടുന്നതിനും 14-11-`19 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട് (തീരുമാനം 1(4)). എന്നാൽ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/28.04.2022) ലഭ്യമാക്കിയ മറുപടിയിൽ OHT ന്റെ നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ റേഡിയോ കിയോസ്കിന് മുകളിലാണ് ടാങ്ക് സ്ഥാപിച്ചിട്ടുള്ളതുകൊണ്ട് 1000 ലിറ്ററിന്റെ ടാങ്ക് മതിയാകുമെന്ന് നിരീക്ഷിച്ചതിനെ തുടർന്ന് എസ്റ്റിമേറ്റിൽ ഉചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും സ്റ്റീൽ ഉപയോഗിച്ച് OHT ന്റെ നിർമ്മാണം (എസ്റ്റിമേറ്റ് പ്രകാരമുള്ളത്) നടന്നിട്ടില്ലെന്നും കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ചെലവ് തുക 43942/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 കല്ലുംപുറത്ത്- ഈരിക്കൽത്തറയിൽ റോഡ് റീടാറിംഗ്- അപാകതകൾ

പ്രോജക്ട് നം.111/2019

അടങ്കൽ 426000

ബി.ആർ.എൻ നം.20070852014101025321, തുക 426000/-,തീയതി 12-12-2021

കല്ലുംപുറത്ത്- ഈരിക്കൽത്തറയിൽ റോഡ് റീടാറിംഗുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനെയോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി 6 മാസമായ ടി വർക്കിന്റെ എഗ്രിമെന്റ് 30-03-2019 ൽ വെച്ചിട്ടുണ്ടെങ്കിലും സൈറ്റ് 20-04-2019 ൽ മാത്രമാണ് കരാറുകാരനായ ശ്രീ. അബ്ദുൾ ജബ്ബാറിന് രേഖാമൂലം ഏറ്റെടുത്തിട്ടുള്ളത്.

2.കരാറുകാരൻ സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഷെഡ്യൂളിൽ റേറ്റ് ക്വാട്ട് ചെയ്ത് പൂർണ്ണമാക്കിയിട്ടില്ല.

3.20-10/2019 ൽ പൂർത്തീകരിക്കേണ്ട വർക്കിന് 14-11-2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(4) നം. തീരുമാനപ്രകാരം നിലവിലെ എസ്റ്റിമേറ്റനുസരിച്ച് ടി പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കുവാൻ സാധിക്കുന്നതല്ലായെന്നും ആയതിനാൽ എസ്റ്റിമേറ്റിൽ ഉചിതമായ ഭേദഗതികൾ വരുത്തി റിവൈസ് ചെയ്യണമെന്നുമുള്ള എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിഴകൂടാതെ കാലാവധി മാർച്ച് 15 വരെ നീട്ടി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയിൽ, എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായോ, സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ളതായോ കാണുന്നില്ല.

4. എന്നാൽ മാർച്ച് 15 നകം വർക്ക് പൂർത്തീകരിച്ചിട്ടില്ല. വർക്ക് പൂർത്തീകരിച്ചിട്ടുള്ളത് എം. ബുക്ക് പ്രകാരം 20-11-2020 നാണ്. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത റോഡിന്റെ ചില ഭാഗങ്ങൾ

ഇളകിപോകുകയും ആ ഭാഗങ്ങളിൽ മെറ്റലിംഗും ടാറിംഗും ആവശ്യമായി വന്നുവെന്നും എന്നാൽ പരിസരവാസികളുടെ നിർബന്ധപ്രകാരം റോഡിന്റെ നീളത്തിലും വീതിയിലും കുറവ് വരുത്താൻ കഴിയാതെ വന്നതാണെന്നും അതുകൊണ്ടാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തെങ്കിലും ഒറിജനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് മാത്രമെ ബിൽ മാറിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടു പോലുമില്ലാത്ത സാഹചര്യത്തിൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. കാലാവധി ദീർഘിപ്പിച്ച് തരണമെന്ന കരാറുകാരന്റെ അപേക്ഷയോ, എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന എഞ്ചിനീയറുടെ റിപ്പോർട്ടോ, റിവൈസ്ഡ് എസ്റ്റിമേറ്റോ ഒന്നും ഫയലിൽ ലഭ്യമല്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ വർക്കിന്റെ കാലാവധി നീട്ടിക്കൊടുത്തത് ക്രമപ്രകാരമല്ല. ആകയാൽ 20-10-2019 മുതൽ 20-11-2020 വരെ വർക്കിന്റെ കാലാവധി നീട്ടി നൽകുന്നതിന് നിയമാനുസൃതമായി ഈടാക്കേണ്ട പിഴ 29820/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം (വി.ഇ.ഒ.ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളത്) ചുവടെ ചേർക്കുന്നു.

| തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻവർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|
| ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 17 | 38 | 17 | 37 | 18 | 12 |

02)ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|
| 2877059/- | 1110727/- | 492214/- | 2960000/- | 300000/- | 7740000/- |

## 1-26 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം

ചുനക്കര പഞ്ചായത്ത് പരിധിയിൽ ആകെ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ നല്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടം

12 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമുണ്ട് . 10 അങ്കണവാടികൾ വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

കുടിവെള്ളം

സെന്റർ നം. 48, 49 എന്നീ അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമല്ല. മറ്റെല്ലാ അങ്കണവാടികളിലും കുടിവെള്ള സൗകര്യം ലഭ്യമാണ്.

ടോയ്ലെറ്റ്

എല്ലാ അങ്കണവാടികൾക്കും ടോയ്ലെറ്റ് സൗകര്യം ഉണ്ട്. ഇതിൽ സെന്റർ നം. 48 ൽ മാത്രമാണ് ബേബി ഫ്രണ്ട് ലി ടോയ്ലെറ്റ് സൗകര്യം ഉള്ളത്.

ചുറ്റുമതിൽ

11 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്.

വൈദ്യുതി, ഗ്യാസ് കണക്ഷൻ,ഫുഡ് കണ്ടെയ്നർ

എല്ലാ അങ്കണവാടികളിലും വൈദ്യുതി, ഗ്യാസ് കണക്ഷൻ,ഫുഡ് കണ്ടെയ്നർ എന്നിവ ഉണ്ട്.

22 അങ്കണവാടികളിൽ 12 അങ്കണവാടികൾക്ക് മാത്രമേ സ്വന്തം കെട്ടിടമുള്ളൂ എന്നത് തീർത്തും അപര്യാപ്തതയാണ് .

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾ ഇനിയും മുന്നേറേണ്ടതുണ്ട്. ഈ വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

## 1-27 തൊഴിലുറപ്പ് അവലോകനം

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 157 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4081 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1514 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1446 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 103856 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 68 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 475 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 370 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 263 |
| തൻവർഷം പൂർത്തിയാക്കിയത് | 208 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 48 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 55 |

വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 1 | 1.42 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 134 | 200.79 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 20 | 29.33 |
| 4 | വരൾച്ചാ നിവാരണം | 2 | 1.50 |

| | | | |
|---|---|---|---|
| 5 | റൂറൽ കണക്ടിവിറ്റി | 0 | 0 |
| 6 | മറ്റ് പ്രവൃത്തികൾ | 23 | 22.84 |

(ഓഡിറ്റ് അന്വേഷണം.നം.12/20-21/27.04.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 546000 | സമഗ്ര നെൽകൃഷി വികസനം (Spill Over) | 546000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1215046 | സമഗ്ര നെൽകൃഷി വികസനം | 1215046 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 645975 | സമഗ്ര നെൽകൃഷി വികസനം | 645975 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 209256 | ലൈഫ് ഭവന നിർമ്മാണം(എസ്സ്.സി) (spill Over) | 209256 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 90744 | ലൈഫ് ഭവന നിർമ്മാണം(എസ്സ്.സി) (spill Over) | 90744 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 901471 | ലൈഫ് ഭവന നിർമ്മാണം ഫേസ്-2(എസ്സ്.സി) | 901471 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 131470 | ലൈഫ് ഭവന നിർമ്മാണം ഫേസ്-2 | 131470 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (എസ്സ്.സി) | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 230000 | ലൈഫ് ഭവന നിർമ്മാണം (എസ്സ്.സി) | 230000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6145 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) (spill Over) | 6145 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 29761 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) (spill Over) | 29761 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് ഭൂമി വാങ്ങൽ-ഫേസ്3(ജനറൽ) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | സാന്ത്വന സ്പർശം-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | സാന്ത്വന സ്പർശം-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രകാശഭരിതം-ചുനക്കര(വൈദ്യുതലൈൻ ദീർഘിപ്പിക്കൽ) | | 1960924 | 1960924 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ മുൻകൂറുകളൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | 3878824 | 0 | 0 | 395215 | 8652625 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90789781.80 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74101281 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 126977 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 83035 | സരിത, കൃഷി ഓഫീസർ |
| 1-23 | 43942 | സുചിത്രലത<br>അസിസ്റ്റന്റ് എഞ്ചിനീയർ |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ( ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുചിത്ര ലത,<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | സുചിത്രലത ജി.എസ്.<br>എൽ.ഐ.ഡി & ഇ.ഡബ്ല്യൂ.സെക്ഷൻ<br>പനവൂർ,<br>തിരുവനന്തപുരം | സുചിത്രലത ജി.എസ്.<br>എ.എസ്സ്.ആർ ഭവൻ<br>കാഞ്ഞിരംവിള<br>മുക്കോല<br>മുല്ലൂർ.പി.ഒ<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2000-01 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2008-09 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2009-10 | എൽ.എഫ്.പി.9/1200/10/21.03.2011/31.03.2011 |
| 2010-11, 2011-12 | എൽ.എഫ്.പി.6/370/2014/23.06.2014/ 08.08.2014 |

| | |
|---|---|
| 2012-13 | എൽ.എഫ്.പി.6/141/2010/31.03.2015 |
| 2013-14 | കെ.എസ്.എ/എ.എൽ.പി./പി.6-1080/2015/18.09.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി./പി.12-820/2016/26.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി./പി12/ 1538/16 തീയതി,27.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി12 -1189/2017 തീയതി,13.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി12 -1202/2018തീയതി.03.09.2018 |
| 2018-19 | കെ.എസ്.എ/എ.എൽ.പി /പി12-303/2020 തീയതി .28.05.2020 |
| 2019-20 | കെ.എസ്.എ/എ.എൽ.പി /പി12-381/2021 തീയതി .12.04.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്